No. CEE/4383/2014/KEAM-2015/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2015–ലെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിൽ ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2015–ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് **21.09.2015**–ന് നടത്തിയ അലോട്ട്മെന്റിനു ശേഷം സർക്കാർ മെഡിക്കൽ കോളേജുകളിൽ ഒഴിവുവന്ന **1** എം.ബി.ബി.എസ് സീറ്റ്, **Al Azhar Medical College & Super Speciality Hospital, Thodupuzha, Sree Gokulam Medical College & Research Foundation, Thiruvananthapuram** എന്നീ രണ്ട് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 150 എം.ബി.ബി.എസ് സീറ്റുകൾ, സർക്കാർ ഡെന്റൽ കോളേജുകളിൽ ഒഴിവുവന്ന **1** ബി.ഡി.എസ് സീറ്റ് എന്നിവ നികത്തുന്നതിനായുള്ള ഓൺലൈൻ അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഒരു എം.ബി.ബി.എസ് സീറ്റ് **WP(C) No. 27728/2015**-ന്മേലുള്ള ബഹു: കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം അലോട്ട്മെന്റ് നടത്താതെ ഒഴിച്ചിട്ടിട്ടുണ്ട്

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന (സർക്കാർ ഡെന്റൽ കോളേജുകളിലേത് ഒഴികെ)വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **2015 സെപ്റ്റംബർ 28, 29** തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കിയശേഷം **29.09.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് (സർക്കാർ ഡെന്റൽ കോളേജുകളിലേത് ഒഴികെ) ഈ ഘട്ടത്തിൽ ലഭിക്കുന്നവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് **2015 സെപ്റ്റംബർ 28, 29** തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കിയശേഷം **29.09.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

സർക്കാർ ഡെന്റൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ ഫീസ്/അധിക തുക തെരഞ്ഞെടുത്ത എസ്.ബി.റ്റി ശാഖകളിലൊന്നിൽ 2015, സെപ്റ്റംബർ 28, 29 തീയതികളിൽ ഒടുക്കണം. എന്നാൽ അവർ അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടത് 2015, സെപ്റ്റംബർ 29–ാം തീയതിയിലാണ്.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/അധിക തുക ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും അലോട്ട്മെന്റും, എം.ബി.ബി.എസ്./ബി.ഡി.എസ് കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

**Al Azhar Medical College & Super Speciality Hospital, Thodupuzha, Sree Gokulam Medical College & Research Foundation, Thiruvananthapuram എന്നീ രണ്ട് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അലോട്ട്മെന്റും അഡ്മിഷനും ബഹു: കേരളാ ഹൈക്കോടതിയുടെ പരിഗണനയിലുള്ള റിട്ട് പെറ്റീഷനുകളിന്മേലുള്ള അന്തിമ തീർപ്പിനു വിധേയമായിരിക്കും.**

പ്രത്യേക ശ്രദ്ധയ്ക്ക്:– പ്രസ്തുത അലോട്ട്മെന്റ് **Al Azhar Medical College & Super Speciality Hospital, Thodupuzha, Sree Gokulam Medical College & Research Foundation, Thiruvananthapuram** **എന്നീ രണ്ട് സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലേയ്ക്കും, ഇനിയൊരു വിജ്ഞാപനം ഉണ്ടാകാത്ത പക്ഷം സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലേയ്ക്കുമുള്ള അവസാന അലോട്ട്മെന്റ് ആയിരിക്കും. ആയതിനാൽ ഈ അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ ഉറപ്പായും അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം 10 ലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും.**

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരാണ്.

**കുറിപ്പ്: സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ഡന്റൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ഡന്റൽ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No. 372/2015/H.Edn. Dated: 03.07.2015, GO(Ms) No.378/2015/H.Edn. Dated: 03.07.2015 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതില്ല. എന്നാൽ അവർക്ക് കോളേജുകളിൽ അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.**

തിരുവനന്തപുരം
27.09.2015

പ്രവേശന പരീക്ഷാ കമ്മീഷണർ